**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമ പഞ്ചായത്തിന്റെ 2013 -14 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 പ്രകാരം തടസ്സപ്പെടുത്തിയ 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ)നം. 1187/19/തസ്വഭവ. തിരുവനന്തപുരം, തീയതി: **10/06/2019**

---

**പരാമർശം:-** 1) കൊറ്റനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 07/04/2018 ലെ എ 4 355/18 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 30/06/2018-ലെ എം3-17053/18 നമ്പർ കത്ത്.

3) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 20/02/2019 ലെ ഡി കെ എസ് എ/1358/2018/പി റ്റി 1 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമ പഞ്ചായത്തിന്റെ 2013 -14 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 പ്രകാരം സ്റ്റുഡന്റ് കേഡറ്റ് പ്രോജക്ടിനായി തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനു പകരം 50,000/- രൂപ വികസന ഫണ്ട് വിനിയോഗിച്ചത് ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

2) ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 14/09/2015-ലെ 8(3), 27/11/2017 ലെ 9(10) നമ്പർ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങൾ, ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ നൽകിയിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിരിക്കുന്ന തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ഖണ്ഡിക 3-5 പ്രകാരം ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന വിധത്തിൽ തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിൽ

വ്യക്തമാക്കിയിട്ടുണ്ട്. കൊറ്റനാട് ഗ്രാമപഞ്ചായത്ത് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന പഞ്ചായത്ത് ആണെന്നും സാമൂഹികബോധമുള്ള കുട്ടികളെ വാർത്തെടുക്കുക എന്ന സദുദ്ദേശത്തോടെയാണ് വികസന ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കിയതെന്നും പഞ്ചായത്ത് ഭരണസമിതി അറിയിച്ചിട്ടുണ്ട്. കേരള പോലീസുമായി സഹകരിച്ച് തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി സാമൂഹ്യബോധമുള്ള കുട്ടികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണെന്ന വസ്തുത പരിഗണിച്ച് പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമ പഞ്ചായത്തിന്റെ 2013 -14 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 50,000/-(അൻപതിനായിരം രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**വി.എസ്.സന്തോഷ്**

**അണ്ടർ സെക്രട്ടറി**

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പത്തനം തിട്ട

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

സെക്രട്ടറി, കൊറ്റനാട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**